ദേശാഭിമാനി

08 February 2024

# ട്രോളിങ് നിരോധനം കരിക്കാടിക്ക് ഗുണകരമെന്ന് പഠനം

**ട്രോളിങ് നിരോധനംമൂലം കരിക്കാടി ചെമ്മീൻ നഷ്ടമാകുന്നുവെന്ന ധാരണ തെറ്റ്**

**കൊച്ചി**

മൺസൂൺ ട്രോളിങ് നിരോധനം കരിക്കാടി ചെമ്മീൻ സമ്പത്തിന്റെ സുസ്ഥിരവളർച്ചയ്ക്ക് ഗുണകരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം. ട്രോളിങ് നിരോധനംമൂലം കരിക്കാടി ചെമ്മീൻ നഷ്ടമാകുന്നുവെന്ന പൊതുധാരണ തെറ്റാണെന്നും പഠനം വ്യക്തമാക്കി.

ട്രോളിങ് നിരോധകാലത്ത് കരിക്കാടി ചെമ്മീൻ തീരക്കടലുകളിൽനിന്ന് ആഴക്കടലുകളിലേക്ക് നീങ്ങും. അതിനാലാണ് ഇവ എന്നന്നേക്കുമായി നഷ്ടപ്പെടുന്നതായി കരുതിയിരുന്നത്. ട്രോളിങ് നിരോധന കാലത്തിനുശേഷമുള്ള കരിക്കാടി ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ ആ ധാരണ ശക്തിപ്പെടുത്തി. നിരോധനസമയത്ത് ഉപ്പിന്റെ അളവ് കൂടുതലുള്ള ആഴക്കടലുകളിലേക്ക് ഇവ നീങ്ങുന്നുണ്ടെന്ന് സിഎംഎഫ്ആർഐ പഠനത്തിലും വ്യക്തമായി.

നിരോധനം കഴിഞ്ഞയുടൻ 50 മുതൽ 100 മീറ്റർവരെ ആഴത്തിൽനിന്ന് കരിക്കാടി ചെമ്മീൻ പിടിക്കാനാകുമെന്ന് സിഎംഎഫ്ആർഐ പഠനം പറയുന്നു. മഴക്കാലത്ത് തീരക്കടലിൽ ഉപ്പിന്റെ അംശം കുറയുന്നതിനാലാണ് ഇവ ആഴക്കടലുകളിലേക്ക് നീങ്ങുന്നത്. ഉപ്പിന്റെ അളവ് അനുകൂലമാകുന്നതോടെ തീരക്കടലിലേക്ക് തിരിച്ചെത്തും.

മൺസൂൺകാലത്ത് വളരെ ചെറിയ ഇനം ചെമ്മീനുകളാണ് തീരക്കടലുകളിൽ ഉണ്ടാകുക. ഇക്കാലയളവിൽ മീൻപിടിത്തം നിയന്ത്രിക്കുന്നത് പ്രജനനം തുടരാനും വളർച്ച കൈവരിക്കാനും സഹായിക്കുന്നു.

റീജണൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് സിഎംഎഫ്ആർഐ ഷെൽ ഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ. എ പി ദിനേശ്ബാബു പറഞ്ഞു.